(ഇ) ആർബിട്രേഷൻ അവാർഡുകളെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 1994-ലെ റിപ്പോർട്ടിലെ പരാമർശം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്. മോഹൻകുമാർ കമ്മീഷൻ അന്വേഷണം നടത്തുകയുണ്ടായി.

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയറെക്കൊണ്ട് അന്വേഷണം നടത്തിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കല്ലടപദ്ധതി പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ലക്ഷ്യം കൈവരിച്ചോ, ഇല്ലയോ എന്ന് പറയാൻ കഴിയില്ല. ഈ പദ്ധതിക്ക് നാളിതുവരെ 661.07 കോടി രൂപാ ചെലവായി. പദ്ധതി തുടങ്ങുമ്പോൾ മതിപ്പ് ചെലവ് 13.28 കോടി രൂപയായിരുന്നു.

(ഇ) വിവരം പിന്നീട് നൽകുന്നതാണ്.

നേത്രാവതിപ്പുഴയുടെ ഗതി തിരിച്ചു വിടാനുള്ള തീരുമാനം

49 [3190] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്തുനിന്ന് ഉത്ഭവിക്കുന്ന നേത്രാവതിപ്പുഴയുടെ ഗതി തിരിച്ചു വിടാനുള്ള കർണ്ണാടക സർക്കാരിന്റെ തീരുമാനത്തെക്കുറിച്ച് അറിയാമോ;

(ബി) ഈ പുഴയുടെ ഗതി തിരിച്ചു വിടാൻ കാസർഗോഡ് ജില്ലയിലെ ഷിറിയ, ചന്ദ്രഗിരിപ്പുഴകളിലെ നീരൊഴുക്കിനെ സാരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാവുന്ന ഈ തീരുമാനത്തിൽ സർക്കാർ തലത്തിൽ അടിയന്തിരമായി ഇടപ്പെട്ടുകൊണ്ട് പ്രസ്തുത പ്രദേശത്തെ കുടിവെള്ള കാർഷിക വികസനത്തെ ബാധിക്കുന്ന പ്രസ്തുത തീരുമാനം അടിയന്തിരമായി പിൻവലിക്കാൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ടെലിവിഷനിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തിയ ശേഷമേ ആധികാരികമായി പറയുവാൻ സാധിക്കുകയുള്ളൂ.

(സി) ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly